# കേരള സർവകലാശാല

നം.പി.ആർ.42/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2019 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി ഇലക്ട്രാണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ 2020 മാർച്ച് 3, 4 തീയതികളിൽ അതതു കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്.

### എൻഡോവ്മെന്റ് അവാർഡ് വിതരണം

സർവകലാശാലയുടെ 2013, 2014, 2015 വർഷങ്ങളിലെ വിവിധ എൻഡോവ്മെന്റ് അവാർഡുകളുടെ വിതരണം 2020 ഫെബ്രുവരി 26 ന് രാവിലെ 11.00 മണിക്കും 2016, 2017, 2018 വർഷങ്ങളിലേത് ഫെബ്രുവരി 27 ന് രാവിലെ 11.00 മണിക്കും സർവകലാശാല സെനറ്റ് ഹാളിൽ വെച്ച് നടത്തുന്നതാണ്. സർവകലാശാലയിൽ നിന്നും അറിയിപ്പ് ലഭിച്ച വിദ്യാർത്ഥികൾ നിർദ്ദിഷ്ട തീയതികളിൽ രാവിലെ 8.00 മണിക്ക് സർവകലാശാലയിൽ ആവശ്യമായ രേഖകൾ സഹിതം എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

2020 മാർച്ചിൽ നടത്തുന്ന ബി.കോം (ആന്വൽ സ്കീം – പ്രൈവറ്റ്) റെഗുലർ, ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ മാർച്ച് 2 വരെയും 150 രൂപ പിഴയോടെ മാർച്ച് 5 വരെയും 400 രൂപ പിഴയോടെ മാർച്ച് 7 വരെയും രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
22.02.2020